മണൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്നതിനുള്ള നടപടികൾ സുഗമമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

കെട്ടിട നിർമ്മാണ രംഗത്തെ പ്രശ്നങ്ങളും നൂതന സാധ്യതകളും

15 (*45) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ :
ശ്രീ. പി. ഉബൈദുള്ള :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ രംഗത്ത് നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം, വിദഗ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ്, പാരിസ്ഥിതിക പ്രശ്നങ്ങൾ എന്നിവയ്ക്ക് പരിഹാരം കാണുന്നതിനുള്ള ഗവേഷണ, പഠന പ്രവർത്തനങ്ങളെന്തെങ്കിലും നടന്നു വരുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) ഇതിനു പരിഹാരമായി പ്രീഫാബ്രിക്കേറ്റഡ് വീട് നിർമ്മാണ രീതി പരീക്ഷിക്കപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അതു സംബന്ധിച്ച വിവരം വ്യക്തമാക്കുമോ ;

(സി) ഖരമാലിന്യം, പ്രായാധിക്യം വന്ന തെങ്ങ്, പന, കമുക്, ദോഷകരമല്ലാത്ത വ്യാവസായിക മാലിന്യം തുടങ്ങിയവ ഇത്തരം പ്രീഫാബ്രിക്കേറ്റഡ് നിർമ്മാണ രീതിക്ക് അസംസ്കൃത വസ്തുവാക്കാനുള്ള സാദ്ധ്യതകൾ പരിശോധിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനാവശ്യമായ നിർദ്ദേശം നൽകുമോ ?

ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണങ്ങൾ നടത്തുന്നതിനായി ലാബിഷാസ് എന്ന സ്ഥാപനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിന് അംഗീകൃത യൂണിവേഴ്സിറ്റിയിൽ അഫിലിയേഷൻ ലഭിച്ചതിനുശേഷം മാത്രമേ ഗവേഷണ പ്രവർത്തനങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുവാൻ കഴിയുകയുള്ളൂ. എന്നാൽ സി.ബി.ആർ.ഐ., ഐ.ഐ.റ്റി. എന്നിവിടങ്ങളിൽ വികസിപ്പിച്ചെടുക്കുന്ന ബദൽ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ സംസ്ഥാന നിർമ്മിതി കേന്ദ്രം പ്രചരിപ്പിക്കുകയും അവ ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മിതികൾ നടപ്പിലാക്കിയും വരുന്നു. അതുവഴി പരിസ്ഥിതിക്ക് ഇണങ്ങിയ നിർമ്മാണ രീതികളിൽ ജനങ്ങൾക്ക് അവബോധം സൃഷ്ടിക്കാനും ഒരു പരിധിവരെ പരിസ്ഥിതി സംരക്ഷണം ഊർജ്ജിതമാക്കാനും സാധിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണ മേഖലയിലെ വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന്റെ ഭാഗമായി കഴിഞ്ഞ 20 കൊല്ലമായി ആയിരക്കണക്കിന് യുവതീയുവാക്കൾക്ക് കെട്ടിട നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട വിവിധ മേഖലകളിൽ സ്റ്റൈപ്പന്റോടുകൂടിയ പരിശീലനങ്ങൾ കെസ്റ്റിക്കിൽ നടന്നുവരുന്നു.

(ബി) ടോട്ടലി പ്രീഫാബ്രിക്കേറ്റഡ് വീടുകളുടെ നിർമ്മാണ രീതി നിർമ്മിതികേന്ദ്രം പരീക്ഷിച്ചിട്ടില്ല. എന്നാൽ നിർമ്മാണത്തിൽ വിവിധ പ്രീഫാബ്രിക്കേറ്റഡ് കമ്പോണന്റ്സ് ഉപയോഗിച്ചുള്ള കെട്ടിടങ്ങൾ നിർമ്മിതി കേന്ദ്രം നിർമ്മിച്ചിട്ടുണ്ട്.

കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ ഹാക്കിന്റെ ഒരു ഉപഉല്പന്നമായ ജി.എഫ്.ആർ.ജി.(ഗ്ലാസ് ഫൈബർ റി-ഇന്റേഫാഴ്സ്ഡ് ജിപ്സം) പാനലുകൾ മദ്രാസ് ഐ.ഐ.ടി.-യുടെ സാങ്കേതിക സഹായത്തോടെ കെട്ടിട നിർമ്മാണ രംഗത്ത് ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ട്. ബോർഡ് നിർമ്മിക്കുന്ന കെട്ടിടങ്ങൾക്കും ഈ പദ്ധതി പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതി ഈ സാങ്കേതിക വിദ്യയിലൂടെയാണ് നിർമ്മിക്കുന്നത്. ഈ നിർമ്മാണ രീതിയ്ക്ക് സിമന്റ്, മണൽ, ചല്ലി, കമ്പി എന്നിവയുടെ ഉപയോഗം കുറഞ്ഞ തോതിൽ മതിയാകുന്നതാണ്. ചൂളകൾ സിമന്റ് പൂശേണ്ട ആവശ്യമില്ല. തറയുടേയും സ്ലാബുകളുടേയും നിർമ്മാണത്തിനും ഈ പാനലുകൾ ഉപയോഗിക്കുവാൻ സാധിക്കുന്നതിനാൽ കോൺക്രീറ്റ് പരിമിതമായ തോതിൽ മാത്രം മതിയാകുന്നതാണ്. തൊഴിലാളികൾ കുറച്ചുമതി. കുറഞ്ഞ നിർമ്മാണ കാലാവധിക്കുള്ളിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഖരമാലിന്യം, പ്രായാധിക്യം വന്ന തെങ്ങ്, പന, കമുക് എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണ രീതി നിർമ്മിതികേന്ദ്രം പരിശോധിച്ചിട്ടില്ല എന്നാൽ വ്യാവസായിക മാലിന്യമായ ഫ്ലൈ ആഷ് ഉപയോഗിച്ചുള്ള കെട്ടിട നിർമ്മാണ സാമഗ്രികളുടെ ഉല്പാദനത്തെ സംബന്ധിച്ച് പഠനങ്ങൾ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം നടത്തിയിട്ടുണ്ട്. അതുപോലെതന്നെ മറ്റൊരു ഇൻഡസ്ട്രിയൽ വേസ്റ്റ് ആയ ജറോഫിക്സ് ഉപയോഗിച്ചുകൊണ്ടുള്ള സിമന്റ് കട്ടകളുടെ നിർമ്മാണത്തിന്റെ സാധ്യതയെപ്പറ്റിയുള്ള പഠനം നടന്നുവരുന്നു.

റിസർവ് ബാങ്കിന്റെ നയവും സഹകരണ മേഖലയും

16 (*46) ശ്രീ. എസ്. ശർമ്മ :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബാങ്കിംഗ് സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ നടത്താൻ പാടില്ല എന്ന റിസർവ് ബാങ്കിന്റെ നയം ഏതെല്ലാം തരത്തിൽ സംസ്ഥാനത്തെ സഹകരണ മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് അവലോകനം നടത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) സംസ്ഥാന സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ മൺവിളയിൽ നടത്തിയിരുന്ന സീമാറ്റ് കോളേജ് നിർത്തൽ ചെയ്ത് റിസർവ് ബാങ്കിന്റെ നയം കാരണമാണോയെന്ന കാര്യം വ്യക്തമാക്കുമോ ;

(സി) പ്രസ്തുത നയം തുടർന്ന് നടപ്പിലാക്കുമ്പോൾ പല സ്ഥാപനങ്ങളും അടച്ചു പൂട്ടേണ്ടതായും പദ്ധതികൾ നിർത്തലാക്കേണ്ടതായും വരുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ?

സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) :

(എ) പാർലമെന്റ് പാസ്സാക്കിയ ബാങ്കിംഗ് റെഗുലേഷൻ ആക്ട് സെക്ഷൻ 8 പ്രകാരം ബാങ്കിംഗ് ബിസിനസ്സ് നടത്തുന്ന സ്ഥാപനങ്ങൾ ബാങ്കിംഗ് ഇതര ബിസിനസ്സ് നടത്താൻ പാടില്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പൊതുജനങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly